**ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് ആന്റ് എഞ്ചിനിയറിംഗ് വിംഗ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം**
**(ഹാജർ: ശ്രീ. ജോൺസൻ.കെ)**

**വിഷയം:**– ത.സ്വ.ഭ.വ–ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് ആന്റ് എഞ്ചിനിയറിംഗ് വിംഗ്– ഐ.സി.ഡി.എസ് സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണം– സംബന്ധിച്ച്.

**സൂചന:**– 1) സ.ഉ(സാധാ) നം.96/2021/സാ.നീ.വ തീയതി 02.02.2021.
2) സ.ഉ(സാധാ) നം.173/2021/സാ.നീ.വ തീയതി 18.02.2021.
3) 24.02.2021 തീയതിയിലെ വനിത ശിശുവികസന ഡയറക്ടറുടെ ഐ.സി.ഡി.എസ്/എ8/5676/2020 നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ ഇ14/3782/2021/സിഇ/എൽ.എസ്.ജി.ഡി തീയതി 21.06.2021**

സംസ്ഥാനത്ത് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന അങ്കണവാടികൾക്ക് ഒരു ഏകീകൃത മോഡൽ വേണമെന്ന സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആധുനിക സൗകര്യങ്ങളോട് കൂടിയ സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതി സർക്കാർ ആരംഭിക്കുകയുണ്ടായി. ടി പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിനായി ലഭ്യമായ സ്ഥലത്തിന്റെ വിസ്തൃതിയ്ക്ക് (10, 7.5, 5, 3, 3(Slopping terrain), 1.25 cent) ആനുപാതികമായി ആറ് വ്യത്യസ്ത പ്ലാനും പ്രൈസ് സോഫ്റ്റ് വെയറിലുള്ള എസ്റ്റിമേറ്റും സർക്കാർ അംഗീകരിച്ചു നൽകിയിട്ടുണ്ട്. സ്ഥല വിസ്തൃതിയ്ക്ക് ആനുപാതികമായി ഒരു നിശ്ചിത തുക വകുപ്പ് വിഹിതമായും ബാക്കി തുക LSGD വിഹിതവുമായി കണ്ടെത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

സ്മാർട്ട് അങ്കണവാടി കെട്ടിടത്തിന്റെ സർക്കാർ അംഗീകരിച്ച പ്ലാനിൽ (10, 7.5, 5 cent) ഉൾപ്പെടുത്തിയിരുന്ന സ്വിമ്മിംഗ് പൂൾ സംവിധാനം കെട്ടിട നിർമ്മാണത്തിൽ നിന്നും

(മറുപുറം)

ഒഴിവാക്കിയും എസ്റ്റിമേറ്റ് തുകയിൽ നിന്നും സ്വിമ്മിംഗ് പൂൾ കോസ്റ്റ് കുറവ് ചെയ്ത് എസ്റ്റിമേറ്റ് പുതുക്കിയും സൂചന (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

സംസ്ഥാനത്ത് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്വന്തമായി സ്ഥലം ലഭ്യമായിട്ടുള്ള 48 അങ്കണവാടികൾക്ക്, സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണങ്ങൾക്കായി ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വകയിരുത്തിയിട്ടുള്ള 5,73,79,356/-രൂപയും വകുപ്പ് വിഹിതമായ 9,00,00,000/-രൂപയും ചേർത്ത് ആകെ 14,73,79,356/-രൂപ ചെലവിൽ മേൽ സ്മാർട്ട് അങ്കണവാടി കെട്ടിടങ്ങൾ ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് ആന്റ് എഞ്ചിനിയറിംഗ് വിംഗ് മുഖേന നിർമ്മിക്കുന്നതിനും കെട്ടിട നിർമ്മാണം പൂർത്തിയാകുന്ന മുറക്ക് വകുപ്പ് വിഹിതമായ 9,00,00,000/-രൂപ 4235-02-102-96(P) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനും സൂചന(2) പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

മേൽ പദ്ധതിയിൽ ഉൾപ്പെട്ട തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ ജില്ലകളിൽ അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുള്ള പട്ടികയിൽ ഉൾപ്പെട്ട അങ്കണവാടിക്ക് സ്മാർട്ട് അങ്കണവാടി പദ്ധതി നിഷ്കർഷിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കി, സർക്കാർ അംഗീകരിച്ച് നൽകിയിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരം അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങളിലേക്ക് എത്രയും വേഗം കടക്കാൻ ബന്ധപ്പെട്ട ജില്ലകളിലെ, പട്ടികയിൽ പറയുന്ന 48 അസ്സിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

(തുടരും)

നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് ആനുപാതിക സർക്കാർ വിഹിതം അനുവദിക്കുന്നതിന് നിശ്ചിത മാതൃകയിലുളള ബിൽ, അനുബന്ധരേഖകൾ സഹിതം ഉചിത മാർഗ്ഗേന ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണെന്നും ഇതിനാൽ ഉത്തരവാകുന്നു.

അനുബന്ധം:- 1) അങ്കണവാടികളുടെ പട്ടിക.
(അങ്കണവാടികളുടെ പട്ടിക പ്രകാരം 9 ജില്ലകളിലെ 48 ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി അസ്സിസ്റ്റന്റ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിക്കൊളളുന്നു)

ഒപ്പ്
ചീഫ് എഞ്ചിനീയർ

//അംഗീകാരത്തോടെ//

ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ

**പകർപ്പ്**

(1) വനിത ശിശുവികസന ഡയറക്ടർ, പൂജപ്പുര, തിരുവനന്തപുരം.
(2) ബന്ധപ്പെട്ട അസ്സിസ്റ്റന്റ് എഞ്ചിനീയർമാർക്ക്.
(3) ത.സ്വ.ഭ.വ സാങ്കേതിക വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ പഞ്ചായത്ത് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ.
(4) കരുതൽ/സ്റ്റോക്ക് ഫയൽ.

അനുബന്ധം

# SMART ANGANWADI CONSTRUCTION LIST

| Sl.No | District | Name of Project | AWC No. | Area of land available | Total estimated cost | WCD Dept Share | LSGD Share | Name of LSGD |
|---|---|---|---|---|---|---|---|---|
| 1 | Thiruvananthapuram | Nedumangad Adl | 5 | 2.75 | 2137256 | 1500000 | 637256 | Vembayam Grama Panchayath |
| 2 | | Nedumangad Adl | 43 | 3 | 2764952 | 1700000 | 1064952 | Karakulam Grama Panchayath |
| 3 | Kollam | Ithikkara | 57 | 3 | 2764952 | 1700000 | 1064952 | Chathannoor Grama Panchayath |
| 4 | | Ithikkara | 61 | 3 | 2764952 | 1700000 | 1064952 | Chathannoor Grama Panchayath |
| 5 | | Ithikkara | 147 | 10 | 4292340 | 2500000 | 1792340 | Poothakkulam Grama Panchayath |
| 6 | | Chadayamangalam | 22 | 5 | 3231328 | 2000000 | 1231328 | Veliyanalloor Grama Panchayath |
| 7 | | Sasthamkotta | 45 | 5 | 3231328 | 2000000 | 1231328 | Poruvazhi Grama Panchayath |
| 8 | | Mukhathala Addl | 91 | 4 | 2764952 | 1700000 | 1064952 | Nedumbana Grama Panchayath |
| 9 | | Mukhathala | 17 | 5 | 3231328 | 2000000 | 1231328 | Mayyanad Grama Panchayath |
| 10 | | Mukhathala | 40 | 3.5 | 2764952 | 1700000 | 1064952 | Mayyanad Grama Panchayath |
| 11 | | Mukhathala | 1 | 3 | 2764952 | 1700000 | 1064952 | Mayyanad Grama Panchayath |
| 12 | | Pulikeezhu | 32 | 3.5 | 2764952 | 1700000 | 1064952 | Thiruvalla Municipality |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 13 | Pathanamthitta | Pulikeezhu | 19 | 4 | 2764952 | 1700000 | 1064952 | Kadapra Grama Panchayath |
| 14 | | Pulikeezhu | 64 | 3 | 2764952 | 1700000 | 1064952 | Nembram Grama Panchayath |
| 15 | Kottayam | Ettumanoor | 31 | 4 | 2764952 | 1700000 | 1064952 | Ettumanoor Municipality |
| 16 | | Kanjirapally | 36 | 4 | 2764952 | 1700000 | 1064952 | Kanjirappalli Grama Panchayath |
| 17 | | Kanjirappally | 87 | 3.5 | 2764952 | 1700000 | 1064952 | Erumeli Grama Panchayath |
| 18 | | Kanjirappally | 72 | 3 | 2764952 | 1700000 | 1064952 | Erumeli Grama Panchayath |
| 19 | | Pallom Adl | 72 | 3 | 2764952 | 1700000 | 1064952 | Kottayam Municipality |
| 20 | | Pallom Adl | 114 | 3 | 2764952 | 1700000 | 1064952 | Kottayam Municipality |
| 21 | Ernakulam | Moovattupuzha | 44 | 3 | 2764952 | 1700000 | 1064952 | Valakom Grama Panchayath |
| 22 | | Kothamangalam | 66 | 4 | 2764952 | 1700000 | 1064952 | Nellikkuzhi Grama Panchayath |
| 23 | Palakkad | Thrittala | 3 | 14 | 4292340 | 2500000 | 1792340 | Thrithala Grama Panchayath |
| 24 | | Kuzhalmannam | 164 | 3 | 2764952 | 1700000 | 1064952 | Peringottukurrissi Grama Panchayath |
| 25 | Kozhikkode | Melady | 121 | 1.25 | 2137256 | 1500000 | 637256 | Payyoli Muncipality |
| 26 | | Melady | 112 | 3 | 2764952 | 1700000 | 1064952 | Payyoli Muncipality |
| 27 | | Vadakara | 82 | 3 | 2764952 | 1700000 | 1064952 | Chorodu Grama Panchayath |
| 28 | | Balussery | 64 | 5 | 3231328 | 2000000 | 1231328 | Panangad Grama panchayath |
| 29 | | Balussery Adidtional | 77 | 5 | 3231328 | 2000000, | 1231328 | Kottur Grama panchayath |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 30 | | Thodannur | 132 | 10 | 4292340 | 2500000 | 1792340 | Villiyapalli Grama panchayath |
| 31 | Malappuram | Perinthalmanna adl | 101 | 3 | 2764952 | 1700000 | 1064952 | Vettathur Grama Panchayath |
| 32 | | kondotty | 130 | 10 | 4292340 | 2500000 | 1792340 | vaazhakkad Grama panchayath |
| 33 | | Nilamboor adl | 11 | 3 | 2764952 | 1700000 | 1064952 | Vazhikkadavu Grama Panchayath |
| 34 | | Nilamboor adl | 34 | 4 | 2764952 | 1700000 | 1064952 | Vazhikkadavu Grama Panchayath |
| 35 | | Nilamboor adl | 23 | 3 | 2764952 | 1700000 | 1064952 | Vazhikkadavu Grama Panchayath |
| 36 | | Perumpadappu | 78 | 3 | 2764952 | 1700000 | 1064952 | Malappuram District Panchayath |
| 37 | | Perumpadappa | 77 | 3 | 2764952 | 1700000 | 1064952 | Malappuram District Panchayath |
| 38 | | Nilamboor | 46 | 5 | 3231328 | 2000000 | 1231328 | Chaliyar Grama Panchayath |
| 39 | Kannur | Koothumparambu Additional | 29 | 3 | 2764952 | 1700000 | 1064952 | Thrippagottur grama panchayath |
| 40 | | Payyannur | 36 | 3 | 2764952 | 1700000 | 1064952 | Ramanthali Grama Panchayath |
| 41 | | Payyannur | 20 | 3.5 | 2764952 | 1700000 | 1064952 | Karivalloor Peralam panchayath |
| 42 | | Kallyasseri | 11 | 1.9 | 2137256 | 1500000 | 637256 | Cherukunnu Grama Panchayath |
| 43 | | Kallyasseri | 43 | 10 | 4292340 | 2500000 | 1792340 | Kallyasseri Grama Panchayath |
| 44 | | Kallyasseri Additional | 101 | 3 | 2764952 | 1700000 | 1064952 | Madayi Grama Panchayath |
| 45 | | Kallyasseri Additional | 49 | 10 | 4292340 | 2500000 | 1792340 | Kannur District Panchayath |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 46 | | Payyannur Additional | 98 | 10 | 4292340 | 2500000 | 1792340 | Erumamkuttoor Grama Panchayath |
| 47 | | Payyannur Additional | 107 | 10 | 4292340 | 2500000 | 1792340 | Erumamkuttoor Grama Panchayath |
| 48 | | Iritty Additional | 99 | 10 | 4292340 | 2500000 | 1792340 | Mattannur Municipality |
| | | **Total** | | | **147379356** | **90000000** | **57379356** | |

for Women and Child Development Director

3782
26/02/21

Office of the Chief Engineer LSGD 25/2/21

വനിതാ ശിശു വികസന ഡയറക്ടറുടെ നടപടി ക്രമങ്ങൾ
(ഹാജർ : അനുപമ റ്റി വി IAS)

വിഷയം : വനിത ശിശുവികസന വകുപ്പ് - ഐസിഡിഎസ് - സ്മാർട്ട് അങ്കണവാടി പദ്ധതി - 48 സ്മാർട്ട് അങ്കണവാടികളുടെ നിർമ്മാണ ചുമതല – LSGD ചീഫ് എഞ്ചിനീയർക്ക് നൽകി ഉത്തരവാകുന്നു.

പരാമർശം : 1 സ ഉ (സാധാ) നം.96/2021/സാനീവ തീയതി : 02/02/2021
2 സ ഉ (സാധാ) നം.173/2021/സാനീവ തീയതി : 18/02/2021

64

**ഉത്തരവ് നമ്പർ ICDS/A8-5676/2020 തീയതി : 24/02/2021**

സംസ്ഥാനത്ത് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന അങ്കണവാടികൾക്ക് ഒരു ഏകീകൃത മോഡൽ വേണമെന്ന സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആധുനിക സൗകര്യങ്ങളോട് കൂടിയ സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതി സർക്കാർ ആരംഭിക്കുകയുണ്ടായി. ടി പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിനായി ലഭ്യമായ സ്ഥലത്തിന്റെ വിസ്തൃതിയ്ക്ക് (10, 7.5, 5, 3, 3 (slopping terrain), 1.25 cent) അനുപാതികമായി ആറ് വ്യത്യസ്ത പ്ലാനും പ്രൈസ് സോഫ്റ്റ് വെയറിലുള്ള എസ്റ്റിമേറ്റും സർക്കാർ അംഗീകരിച്ച് നൽകിയിട്ടുണ്ട്. സ്ഥല വിസ്തൃതിയ്ക്ക് ആനുപാതികമായി ഒരു നിശ്ചിത തുക വകുപ്പ് വിഹിതമായും ബാക്കി തുക LSGD വിഹിതമായും കണ്ടെത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

സ്മാർട്ട് അങ്കണവാടിയുടെ സർക്കാർ അംഗീകരിച്ച പ്ലാനിൽ (10, 7.5, 5 സെന്റ്) ഉൾപ്പെടുത്തിയിരുന്ന സ്വിമ്മിംഗ്പൂൾ സംവിധാനം കെട്ടിട നിർമ്മാണത്തിൽനിന്നും ഒഴിവാക്കിയും എസ്റ്റിമേറ്റ് തുകയിൽനിന്നും സ്വിമ്മിംഗ്പൂൾ കോസ്റ്റ് കുറവ് ചെയ്ത് എസ്റ്റിമേറ്റ് പുതുക്കിയും പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

സംസ്ഥാനത്ത് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്വന്തമായി സ്ഥലം ലഭ്യമായിട്ടുള്ള 48 അങ്കണവാടികൾക്ക് വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി വകയിരുത്തിയിട്ടുള്ള LSGD വിഹിതമായ 5,73,79,356/-രൂപയും വകുപ്പ് വിഹിതമായ 9,00,00,000/-രൂപയും ചേർത്ത് ആകെ 14,73,79,356/-രൂപ ചെലവിൽ LSGD എഞ്ചിനീയറിംഗ് വിഭാഗം മുഖാന്തിരം സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് പരാമർശം (2) പ്രകാരം സർക്കാർ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്ന ലിസ്റ്റ് പ്രകാരമുള്ള 48 അങ്കണവാടികൾക്ക് സ്മാർട്ട് അങ്കണവാടി പദ്ധതി നിഷ്കർഷിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കി സർക്കാർ അംഗീകൃത പ്ലാനിൽ നിശ്ചിത വിസ്തീർണ്ണത്തിലുള്ള അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന്റെ നിർമ്മാണ ചുമതല തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നൽകി ഉത്തരവാകുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സ്മാർട്ട് അങ്കണവാടിയുടെ നിശ്ചിത പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ പ്രകാരം 48 അങ്കണവാടികളുടെ കെട്ടിട നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്. നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് വകുപ്പ് വിഹിതമായ 9,00,00,000/-രൂപ (ഒൻപത് കോടി രൂപ മാത്രം) 4235-02-102-96(P) ശീർഷകത്തിൽനിന്നും വഹിക്കാവുന്നതുമാണ്.

പ്രോഗ്രാം ഓഫീസർ/സിഡിപിഒ അതാത് ജില്ലകളിലെ കെട്ടിട നിർമ്മാണ പുരോഗതി വിലയിരുത്തി പ്രതിമാസ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

ഒപ്പ്
വനിത ശിശുവികസന ഡയറക്ടർ

ചീഫ് എഞ്ചിനീയർ
LSGD എഞ്ചിനീയറിംഗ് വിഭാഗം
തിരുവനന്തപുരം (സർക്കാർ ഉത്തരവ് സഹിതം)

പകർപ്പ്:

1. ചീഫ് എഞ്ചിനീയർ, PWD തിരുവനന്തപുരം
2. ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർക്ക്
3. ബന്ധപ്പെട്ട സിഡിപിഒമാർക്ക്
4. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

1

കേരള സർക്കാർ

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ്- 48 അങ്കണവാടികൾക്ക് സ്മാർട്ട് അങ്കണവാടി പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ.(സാധാ)നം. 173/2021/സാ.നീ.വ** **തീയതി, തിരുവനന്തപുരം, 18/02/2021**

---

പരാമർശം: 1. സ.ഉ(സാധാ)നം. 96/2021/സാനീവ തീയതി 02.02.2021.
2. വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ 05.02.2021 ലെ ഐസിഡിഎസ്/എ 8/5676/2020 നമ്പർ കത്ത്.

**ഉത്തരവ്**

അങ്കണവാടികളെ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള സാമൂഹിക വിഭവ കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിന്റെ ഭാഗമായി 2011-12 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്ത് അങ്കണവാടികൾ നിർമ്മിച്ചു വരുന്നു. വനിതാ ശിശു വികസന വകുപ്പിൻ കീഴിൽ സംസ്ഥാനത്താകെ പ്രവർത്തിക്കുന്ന 33115 അങ്കണവാടികളിൽ 7383 എണ്ണം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പ്രാരംഭ ശൈശവകാല സംരക്ഷണം നല്കുന്നതിനും അങ്കണവാടികളിൽ എത്തിച്ചേരുന്ന കുഞ്ഞുങ്ങളുടെ മാനസികവും ശാരീരികവുമായ വികസനത്തിനുമായി അങ്കണവാടികളെ ശിശു സൗഹൃദപരമാക്കേണ്ടതുണ്ട്.

(2) സംസ്ഥാനത്ത് 01.04.2019 മുതൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന അങ്കണവാടികൾക്ക് ഒരു ഏകീകൃത മോഡൽ വേണമെന്ന സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വനിത ശിശു വികസന വകുപ്പിന് കീഴിൽ സ്വന്തമായി സ്ഥലമുള്ള അങ്കണവാടികൾക്ക് ആധുനിക രീതിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ മേൽനോട്ടത്തിൽ തയ്യാറാക്കിയ പ്ലാനും പ്രൈസ് സോഫ്റ്റ്‌വെയറിലുള്ള എസ്റ്റിമേറ്റിനും 30.01.2020 ന് ചേർന്ന ഐസിഡിഎസ് മിഷൻ 4-ാമത് ഗവേണിംഗ് ബോഡി അംഗീകാരം നൽകിയിരുന്നു. എന്നാൽ സ്മാർട്ട് അങ്കണവാടികളുടെ സർക്കാർ അംഗീകരിച്ച പ്ലാനിൽ (10, 7.5, 5 സെന്റ്) കെട്ടിടത്തോടൊപ്പം ഉൾപ്പെടുത്തിയിരുന്ന സ്വിമ്മിംഗ് പൂൾ സംവിധാനം കെട്ടിട നിർമ്മാണത്തിൽ നിന്നും ഒഴിവാക്കി മുൻപ് തയ്യാറാക്കിയ എസ്റ്റിമേറ്റ് തുകയിൽ നിന്നും സ്വിമ്മിംഗ് പൂൾ കോസ്റ്റ് കുറവുചെയ്ത് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. ഇപ്രകാരം വകുപ്പ വിഹിതവും LSGD വിഹിതവും ക്രമീകരിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| Sl.No. | Area in Cents | Plinth Area of the Propose Building | Revised Unit Cost of Smart Anganwadi Scheme (in Lakhs | Proposed Department Contribution( in Lakhs) | Proposed LSGD Contribution |
|---|---|---|---|---|---|
| 1 | 10 | 1655.23 | 42,92,340/- | 25,00,000/- | 17,92,340/- |
| 2 | 7.5 | 1352.52 | 42,42,174/- | 25,00,000/- | 17,42,174/- |
| 3 | 5 | 968.90 | 32,31,328/- | 20,00,000/- | 12,31,328/- |
| 4 | 3 | 789.75 | 27,64,952/- | 17,00,000/- | 10,64,952/- |
| 5 | 3 (Slopping Terrain) | 918.97 | 28,70,133/- | 17,00,000/- | 11,70,133/- |
| 6 | 1.25 | 581.00 | 21,37,256/- | 15,00,000/- | 6,37,256/- |

(3) അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി തുക വകയിരുത്തിയിട്ടുള്ള വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും 48 അങ്കണവാടികളുടെ പ്രൊപ്പോസൽ വനിത ശിശു വികസന കാര്യാലയത്തിൽ ലഭ്യമായിട്ടുള്ളതായും, വകുപ്പ് വിഹിതവും LSGD വിഹിതവും സംയുക്തമായി വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിനായി ലഭ്യമായ 48 അങ്കണവാടികളുടെ കെട്ടിട നിർമ്മാണത്തിനായി ആകെ 14,73,79,356/- രൂപ ചെലവ് വരുമെന്നും ഇതിൽ വകുപ്പ് വിഹിതമായി 9,00,00,000/- രൂപയും LSGD വിഹിതമായി 5,73,79,356/- രൂപയും ചെലവ് പ്രതീക്ഷിക്കുന്നതായും വനിത ശിശു വികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വകുപ്പ വിഹിതമായി ചെലവഴിക്കേണ്ട തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| Sl. No. | Area of land (in cents) | Unit cost of Smart Anganwadi building | No.of AWC to be constructed | Dept. share of one smart AWC | Total Dept. Share |
|---|---|---|---|---|---|
| 1 | 10 | 42,92,340/- | 9 | 25,00,000/- | 2,25,00,000/- |
| 2 | 5 | 32,31,328/- | 6 | 20,00,000/- | 1,20,00,000/- |
| 3 | 3 | 27,64,952/- | 30 | 17,00,000/- | 5,10,00,000/- |
| 4 | 1.25 | 21,37,256/- | 3 | 15,00,000/- | 45,00,000/- |
| Total | | | 48 | | 9,00,00,000/- |

(4) 2020-21 സാമ്പത്തിക വർഷം PWD ചീഫ് എഞ്ചിനീയർ CCO ആയ 4235-02-102-96(പി) ശീർഷകത്തിൽ സ്മാർട്ട് അങ്കണവാടി നിർമ്മിക്കുന്നതിനായി 15 കോടി രൂപ വകയിരുത്തിയിട്ടുള്ള സാഹചര്യത്തിൽ 4235-02-102-96(P) ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്നും

9,00,00,000/- (ഒൻപത് കോടി രൂപ മാത്രം) രൂപ വകുപ്പ് വിഹിതമായി മേൽപ്പട്ടികയിൽ വിവരിക്കുന്ന നിരക്കിൽ അങ്കണവാടി ഒന്നിന് പരമാവധി 25 ലക്ഷം രൂപ വിനിയോഗിച്ച് LSGD ശുപാർശ ചെയ്തിട്ടുള്ള 48 അങ്കണവാടികൾക്ക് സർക്കാർ അംഗീകരിച്ച പ്ലാനിലും എസ്റ്റിമേറ്റിലും സ്മാർട്ട് അങ്കണവാടി പദ്ധതി പ്രകാരം കെട്ടിടം LSGD എഞ്ചിനീയറിംഗ് വിഭാഗം മുഖാന്തിരം നിർമ്മിക്കുന്നതിനും ടി തുക നടപ്പ് സാമ്പത്തിക വർഷത്തെ 4235-02-102-96(P) ശീർഷകത്തിൽ നിന്നും തുക വിനിയോഗിക്കുന്നതിനുള്ള അനുമതിയും നൽകണമെന്ന് പരാമർശം (2) പ്രകാരം വനിത ശിശു വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്. തെരഞ്ഞെടുത്ത അങ്കണവാടികൾക്ക് ഏതെങ്കിലും സാഹചര്യത്തിൽ കെട്ടിട നിർമ്മാണം സാധ്യമാകാത്തപക്ഷം അങ്കണവാടി സെന്റർ മാറ്റി നൽകുന്നതിനുള്ള ചുമതല വനിത ശിശു വികസന ഡയറക്ടറിൽ നിക്ഷിപ്തമാക്കണമെന്നും വനിത ശിശു വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(5) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ശീർഷകത്തിലെ components ൽ അതായത് എണ്ണം, തുക മുതലായവയിൽ മാറ്റം വരുത്തുന്നതിനുള്ള അധികാരം സർക്കാരിൽ തന്നെ നിക്ഷിപ്തമാക്കിക്കൊണ്ട് 2020-21 സാമ്പത്തിക വർഷം 4235-02-102-96(പി) ശീർഷകത്തിൽ നിന്നും 9,00,00,000/- രൂപ (ഒൻപത് കോടി രൂപ മാത്രം) വിനിയോഗിച്ച് അനുബന്ധമായി ചേർത്തിട്ടുള്ള 48 അങ്കണവാടികൾക്ക് സർക്കാർ അംഗീകരിച്ച പ്ലാനിലും എസ്റ്റിമേറ്റിലും സ്മാർട്ട് അങ്കണവാടി പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിനും, centage charges ലാഭിക്കും എന്നതിനാൽ ടി പ്രവൃത്തികൾ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മുഖാന്തിരം നിർമ്മിക്കുന്നതിനും തത്വത്തിൽ അംഗീകാരം നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ബിജു പ്രഭാകർ**
**സെക്രട്ടറി**

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ